# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.27/3038/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 04/02/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.27/3038/22 തീയ്യതി: 04/02/2023

## മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-04-2022 മുതൽ 11-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 12-12-2022 | 21-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-12-2022 | 21-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശ്രീ. അബ്ദുൽ സത്താർ സി.പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
2) ശ്രീമതി. അസീന എ.പി, അസി.ഓഡിറ്റ് ഓഫീസർ.
3) ശ്രീമതി. ജിഷ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ.
4) ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. മുഹമ്മദ് ഇസ്മയിൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| കെ | | | |
| ശ്രീ. ആർ രാജേഷ് | സെക്രട്ടറി | 01-04-2021 | 19-01-2022 |
| ശ്രീ. ഷാജി. ആർ. എസ് | സെക്രട്ടറി | 20-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. മിനിമോൾ എൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 10-08-2021 |
| ശ്രീ. ഉസ്മാൻ പി | അസിസ്റ്റന്റ് എഞ്ചിനിയർ | 11-08-2021 | 24-11-2021 |
| ശ്രീ. ബിബിൻ തോമസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 25-11-2021 | 31-03-2022 |
| ശ്രീമതി.അനിത കെ.ഒ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. സന്തോഷ് പി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ഡോ.സജിനി | മെഡിക്കൽ ഓഫീസർ (PHC) | 01-04-2021 | 31-03-2022 |
| ഡോ.ശുഭ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ. റമീസ് ടി.പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 08-01-2022 | 31-03-2022 |
| ശ്രീമതി. അംബിക ടീച്ചർ | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ഇർഫാന കെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. അനീജ്. കെ. | വെറ്ററിനറി സർജൻ | 01-04-2021 | 07-01-2022 |
| ഡോ. റമീസ്. ടി.പി. | വെറ്ററിനറി സർജൻ | 08-01-2022 | 31-03-2022 |
| ശ്രീമതി. പത്മാവതി. എ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം. | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി രൂപീകരണം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന. | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്ക് പരിശോധന- അപാകതകൾ | 1-11 |
| 12 | കാലാവധി കഴിഞ്ഞ ക്ലിയറൻസ് സർട്ടിഫിക്കറ്റ് പ്രകാരം മൂന്ന് വർഷത്തേക്ക് ക്വാറി ലൈസൻസ് അനുവദിച്ചു. | 1-12 |
| 13 | വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല. | 1-13 |
| 14 | ലൈസൻസ് അനുവദിച്ചപ്പോൾ കെട്ടിടത്തിന്റെ തരം/ഉപയോഗ ക്രമം മാറ്റി വസ്തു നികുതി പുതുക്കി നിർണ്ണയിച്ചില്ല. | 1-14 |
| 15 | കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം. | 1-15 |
| 16 | നിലം ഭൂമിയിൽ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ അനുവദിച്ചു. | 1-16 |
| 17 | അനധികൃത നിർമ്മാണങ്ങൾ-ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല | 1-17 |
| 18 | ബാലസഭ -പ്രവർത്തനം അധിക തുക ചെലവഴിച്ചു. | 1-18 |
| 19 | സപ്ലിമെന്ററി ന്യൂട്രിഷൻ പ്രോഗ്രാം- അപാകതകൾ. | 1-19 |
| 20 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകൽ -അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല | 1-20 |
| 21 | എസ് സി കോളനികളിലെ ശ്മശാനങ്ങളിലേക്ക് ശവമഞ്ചവും ശവ സംസ്കാരത്തിനുള്ള അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- അപാകതകൾ | 1-21 |
| 22 | തെരുവു വിളക്ക് റിപ്പയർ - പൊതു അപാകതകൾ | 1-22 |
| 23 | അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക തടസ്സം ചെയ്യുന്നു | 1-23 |
| 24 | പി എം എ വൈ (G) പദ്ധതിക്ക് പഞ്ചായത്ത് വിഹിതം | 1-23-1 |
| 25 | ആർ ജി എസ് എ മലപ്പുറം ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ നിർമ്മാണം പഞ്ചായത്ത് വിഹിതം നൽകൽ | 1-23-2 |
| 26 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -കെ എസ് ഇ ബി യിൽ തുക നിക്ഷേപിച്ചത് | 1-23-3 |
| 27 | കുടിവെള്ള പദ്ധതി - പൂർത്തീകരണ വിവരം ലഭ്യമായില്ല | 1-23-4 |

| | | |
|---|---|---|
| 28 | കുഴൽ കിണറുകളുടെ നിർമ്മാണം തുക GWD അടവാക്കൽ | 1-23-5 |
| 29 | ഹരിത കർമ്മസേനക്ക് വാഹനം വാങ്ങൽ - അധികം നൽകിയ തുക തിരിച്ചീടാക്കേണ്ടതാണ് | 1-24 |
| 30 | മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല | 1-25 |
| 31 | മുൻകൂർ തുക നൽകിയിട്ടും പ്രിന്റർ ലഭ്യമായില്ല | 1-26 |
| 32 | മെഡിക്കൽ ഓഫീസർ (PHC)-ലാപ്ടോപ്, പ്രിന്റർ-അഡ്വാൻസ് തുക ക്രമീകരിച്ചില്ല. | 1-27 |
| 33 | അസിസ്റ്റന്റ് എഞ്ചിനീയറുടെ കാഷ്ബുക്ക് പരിപാലനം- അപാകതകൾ | 1-28 |
| 34 | കുടിവെള്ള പദ്ധതിയുടെ 50,000/-രൂപയിൽ കുറവുള്ള അറ്റകുറ്റപ്പണി ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കി | 1-29 |
| 35 | ഇ-ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ ലഭ്യമായിട്ടില്ല | 1-30 |
| 36 | സ്കൂളുകളിലേക്ക് ഫർണീച്ചർ വാങ്ങിയത്- വാങ്ങൽ നടപടിക്രമത്തിലെ അപാകതകൾ | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ഫണ്ടിന്റെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ/ തിരിച്ചടവിന്റെ വിവരം | 4-5 |
| 6 | സ്ഥിര നിക്ഷേപത്തിന്റെ വിവരം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | സർചാർജജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത് ) തീരുമാന നമ്പർ/തിയ്യതി |
|---|---|
| 1(1) തിയ്യതി 25/02/2021 | 5(1)/22-03-2022 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2022 | 20.08.2022 | - | - |

വാർഷിക കണക്ക് യഥാസമയം സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 33462981 |
| വരവ് | 106143513 |
| ആകെ | 139606494 |
| ചെലവ് | 95173330 |
| നീക്കിയിരിപ്പ് | 44433164 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 19723370 | 19723370 | 19009486 | 713884 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4978255 | 4978255 | 3867163 | 1111092 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 11962743 | 11962743 | 5842830 | 6119913 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 7115997 | 7115997 | 2910588 | 4205409 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 11886805 | 11886805 | 4201854 | 7684951 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 3803000 | 3803000 | 3778797 | 24203 |
| ബി ഫണ്ട് | 0 | 71952900 | 71952900 | 71952900 | 0 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധന – അപാകതകൾ

1) വിവിധ ഫണ്ട് ചെലവ്, നീക്കിയിരിപ്പ് തുകകൾ എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ടിനം | എ.സി.ആർ പ്രകാരം | | | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | | |
|---|---|---|---|---|---|---|
| | വരവ് | ചെലവ് | നീക്കിയിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
| വികസന ഫണ്ട്-ജനറൽ | 19723370 | 19009486 | 713884 | 19723370 | 20424000 | (-)700630 |
| വികസന ഫണ്ട്-SCP | 4978255 | 3867163 | 1111092 | 4978255 | 3712245 | 1266010 |

2) CSS, SSS എന്നീ ഗ്രാന്റുകളിൽ വരവില്ല. എന്നാൽ ചുവടെ ചേർത്ത പ്രകാരം ചെലവും നെഗറ്റീവ് നീക്കിയിരിപ്പും രേഖപ്പെടുത്തിക്കാണുന്നു.

| ഗ്രാന്റ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|
| CSS | 6753000 | -6753000 |
| SSS | 1314425 | -1314425 |

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.16/2021-22/20.12.2022ന് മറുപടി ലഭ്യമായിട്ടില്ല.

## 1-5 പദ്ധതി രൂപീകരണം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 235 | 104175656 | 180 | 68161309 | 27 | 28 | 76.59 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1256193 | 1256193 | 1251944 | 4249 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 8624132 | 8624132 | 8624132 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 5610400 | 306 |
| വിധവാ പെൻഷൻ | 22912000 | 1246 |
| വാർദ്ധക്യകാല പെൻഷൻ | 34063000 | 2018 |
| വികലാംഗ പെൻഷൻ | 8897100 | 473 |
| വിവാഹ ധന സഹായം | 0 | 0 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 470400 | 26 |

## 1-8 ക്യാഷ് പരിശോധന.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-12-2022 , 03.38 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ആകെ 35919 രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു. ഡേ ബുക്ക് കളക്ഷനേക്കാൾ 133 രൂപ അധികമുള്ളതായി കണ്ടെത്തി. ഫ്രണ്ട് ഓഫീസിൽ പണമടച്ച വ്യക്തികൾക്ക് തിരികെ നൽകാനുള്ള പണമാണെന്ന് വിശദീകരിച്ചു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തിൽ വിവിധ സാധന സാമഗ്രികൾ വാങ്ങിയത് സ്റ്റോക്കിലെടുക്കുന്നതിനായി സൂക്ഷിച്ച സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ഇനങ്ങൾ ഇടകലർത്തി എഴുതിയതായികണ്ടു. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങൾ ഇനംതിരിച്ച് വിവിധ പേജുകളിലായി ചേർക്കേണ്ടതും വർഷാവസാനം ഭൗതിക പരിശോധന നടത്തേണ്ടതുമാണ്.

2.നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി ടി ആർ 7എ ക്യാഷ് ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

3.അസി.സെക്രട്ടറി നിർവ്വഹണം ചെയ്ത പദ്ധതികൾ വഴി വ്യക്തിഗത ആനുകൂല്യം നൽകുന്നവരുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മുൻവർങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടോ എന്നത് ഉറപ്പുവരുത്തുന്നതിന് രജിസ്റ്ററിൽ പേരുവിവരം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4) കെട്ടിടങ്ങളുടെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിക്കുന്നത് വഴി വസ്തുനികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്.

5) അനധികൃത നിർമ്മാണങ്ങളിൽ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ട്. ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-14, 1-15, 1-178 എന്നിവ കാണുക.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.11.2022 | 08/2022 – 10/2022 | 18.11.2022 |
| എ.ജി ഓഡിറ്റ് | 27.09.2007 | 1997-98 മുതൽ 2005-06 വരെ | 01.12.2007 |

## 1-11 വാർഷിക കണക്ക് പരിശോധന- അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വസ്തു നികുതി- വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളും ലഭ്യമാക്കിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസമുണ്ട്.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം |
| തൻവർഷം | 5697298 | 5803284 | 5422980 | 5622533 | 245890 | 173686 |
| കുടിശ്ശിക | 1205038 | 1268855 | 987355 | 1009177 | 259250 | 261838 |

2) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3) B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള ICDS സ്പെസിഫിക് പർപ്പസ് ഗ്രാന്റ് തുക തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ എ സി ആർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

4) പരിശോധനക്ക് ലഭ്യമാക്കിയ ഇൻവെസ്റ്റ്മെന്റ് സർട്ടിഫിക്കറ്റ് രസീത് നം. R3796 പ്രകാരം 3149497/- രൂപയാണ് തൻവർഷം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം. എന്നാൽ വാർഷിക കണക്കിൽ ഈയിനത്തിൽ രേഖപ്പെടുത്തിയത് 2936594/- രൂപയാണ്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ തൻവർഷത്തെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

5) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ ചുവടെ ചേർത്ത ഇനങ്ങളുടെ രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടി ഇനങ്ങളിലെ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

| ക്രമ നം | ഇനം/രജിസ്റ്റർ |
|---|---|
| 1 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ |
| 2 | ബിൽഡിംഗ് റഗുലറൈസേഷൻ രജിസ്റ്റർ |
| 3 | ലൈസൻസ് രജിസ്റ്റർ (സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല) |
| 4 | സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ |
| 5 | വാടക രജിസ്റ്റർ |
| 6 | ഡെപ്പോസിറ്റ് രജിസ്റ്റർ (സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല) |
| 7 | അഡ്വാൻസ് രജിസ്റ്റർ |

6) RP 10 മറ്റ് വരവുകൾ ഷെഡ്യൂൾ പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 5775/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുകയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

7) RP 5 ഷെഡ്യൂൾ പ്രകാരം Sa;e Of Tender Form ഇനത്തിൽ 110012/- രൂപയുടെ വരവാണ് രേഖപ്പെടുത്തിയത്. എന്നാൽ അസി. എഞ്ചിനിയർ ലഭ്യമാക്കിയ Tender Form രജിസ്റ്റർ പ്രകാരം ഈയിനത്തിൽ 120877/- രൂപ വരവുണ്ട്. സെക്രട്ടറിയുടെ ടെണ്ടർ ഫോം ഇഷ്യൂ പ്രകാരം ലഭ്യമായ തുക സംബന്ധിച്ച രജിസ്റ്റർ/ വിവരങ്ങൾ ലഭ്യമാക്കിയിട്ടുമില്ല.

8) വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-SCP എന്നീ ഫണ്ടിനങ്ങളിലെ എ.സി.ആർ പ്രകാരമുള്ള ചെലവ് തുകയും വാർഷിക കണക്ക് RP 7 പ്രകാരമുള്ള തുകയും തമ്മിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ടിനം | വാർഷിക കണക്ക് പ്രകാരം | എ.സി.ആർ പ്രകാരം |
|---|---|---|
| വികസന ഫണ്ട്-ജനറൽ | 18466066 | 19009486 |
| വികസന ഫണ്ട്-SCP | 3697579 | 3867163 |

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.16/2021-22/20.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-12 കാലാവധി കഴിഞ്ഞ ക്ലിയറൻസ് സർട്ടിഫിക്കറ്റ് പ്രകാരം മൂന്ന് വർഷത്തേക്ക് ക്വാറി ലൈസൻസ് അനുവദിച്ചു.

1996ലെ കേരള പഞ്ചായത്ത് രാജ് നിയമം ( വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ ചട്ടം 8 പ്രകാരം മൂന്ന് വർഷത്തേക്ക് ലൈസൻസ് അനുവദിക്കപ്പെട്ട ചുവടെ ചേർത്ത സ്ഥാപനത്തിന്റെ ലൈസൻസ് , അപേക്ഷ ഫയൽ എന്നിവ പരിശോധിച്ചതിൽ, മൈനിംഗ്&ജിയോളജി വകുപ്പിന്റെ കാലാവധി കഴിഞ്ഞ ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ചുവടെ ചേർത്ത ക്വാറി ലൈസൻസ് അനുവദിച്ചത്.

| ലൈസൻസ് നം, ലൈസൻസിയുടെ പേര് | ലൈസൻസ് അനുവദിച്ചതിന്റെ പ്രവർത്തനം | വാർഡ്/കെട്ടിട നമ്പർ | അനുവദിച്ച ലൈസൻസ് കാലാവധി | മൈനിംഗ്&ജിയോളജി വകുപ്പിന്റെ സർട്ടിഫിക്കറ്റ് നം, കാലാവധി |
|---|---|---|---|---|
| 2/2020-2021/B-1/845 /20/01.04.20, ശ്രീ. സുദീർ കെ | കരിങ്കൽ ഖനനം/ക്വാറി നടത്തുന്നതിന് | വാർഡ്-16 | 01.04.2020 മുതൽ 31.03.2023 വരെ | 30/2018-19/GR/DOM /M-1017/2019 Dtd. 20.03.19 കാലാവധി 19.03.2020 വരെ |

ലൈസൻസ് അനുവദിച്ചത് 01.04.2020ന് ആണ്. മൂന്ന് വർഷത്തേക്ക് അനുവദിച്ച ലൈസൻസിൽ, *മൈനിംഗ്&ജിയോളജി വകുപ്പിന്റെ സർട്ടിഫിക്കറ്റ് യഥാസമയം പുതുക്കാത്ത പക്ഷം ലൈസൻസ് റദ്ദ് ചെയ്യുന്നതാണ്* എന്ന് നിബന്ധന രേഖപ്പെടുത്തിയിട്ടുമുണ്ട്. 19.03.2020ന് കാലാവധി അവസാനിച്ച സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മേൽ പ്രകാരം രേഖപ്പെടുത്തി 01.04.2020ന് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചത് എങ്ങിനെയെന്ന് വ്യക്തമാക്കേണ്ടതാണ്.

കാലാവധിയുള്ള ക്ലിയറൻസ്/NOC സർട്ടിഫിക്കറ്റില്ലാതെ അസാധുവായ ലൈസൻസ് പ്രകാരമാണ് മേൽ സ്ഥാപനം പ്രവർത്തിച്ചിരുന്നത് . അസാധുവായ ലൈസൻസ് ആയതിനാൽ സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തി വെപ്പിക്കുന്നതിനോ, കാലാവധി അവസാനിച്ച സർട്ടിഫിക്കറ്റുകൾ പുതുക്കി ലഭ്യമാക്കുന്നതിനോ സ്ഥാപനത്തിന് യഥാസമയം ഗ്രാമപഞ്ചായത്ത് നോട്ടീസ് നൽകുകയോ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം 01/12.12.2022 ന് ലഭ്യമാക്കിയ മറുപടിയിൽ, മൈനിംഗ്&ജിയോളജി വകുപ്പിന്റെ സർട്ടിഫിക്കറ്റ് കാലാവധി 19.03.2020ന് അവസാനിച്ചു എങ്കിലും ആയത് പുതുക്കി സമർപ്പിക്കാം എന്ന ഉറപ്പിന്മേലാണ് ലൈസൻസ് അനുവദിച്ചത് എന്ന് അറിയിക്കുകയും ആയത് 25.06.2021 വരെ പുതുക്കിയത് സമർപ്പിക്കുകയും ആയതിന് ശേഷം ടി സ്ഥാപനം പ്രവർത്തനം നടത്തുന്നില്ല എന്ന് അറിയിക്കുകയും ചെയ്തു.
യഥാസമയം കാലാവധിയുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റുകളില്ലാതെ ലൈസൻസ് അനുവദിക്കുന്നത് ശരിയായ നടപടിയല്ല. നിലവിൽ ടി സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ എന്നത് പരിശോധിക്കേണ്ടതും കാലാവധിയുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം ലൈസൻസ് അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-13 വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല.

തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും, ഡി&ഒ ലൈസൻസുകൾ, സ്കൂൾ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റുകൾ ഉടങ്ങിയവ താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ, ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

(I) കൂടുതൽ ആളുകൾ ജോലി ചെയ്യുന്ന നിരവധി സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. കൂടുതൽ ജോലിക്കാരുള്ളതായി ഡി&ഒ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നമ്പർ | സ്ഥാപനം | ലൈസൻസ് അപേക്ഷ പ്രകാരം ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 6 | ഫാമിലി സൂപ്പർ മാർക്കറ്റ് | 5 |
| 2 | 13 | റോയൽ ഏജൻസീസ് | 10 |

| | | | |
|---|---|---|---|
| 3 | 14 | വെൽടെക് എന്റർപ്രൈസസ് | 9 |
| 4 | 15 | മാക്സ് എന്റർപ്രൈസസ് | 9 |
| 5 | 16 | എച്ച് എസ് ഫൂട്ട്കെയർ | 8 |
| 6 | 17 | നിയ ചപ്പൽസ് | 8 |
| 8 | 18 | ജി.ടി എന്റർപ്രൈസസ് | 8 |
| 9 | 19 | എസ്.വി എന്റർപ്രൈസസ് | 5 |
| 10 | 20 | ഫായ് എന്റർപ്രൈസസ് | 6 |
| 11 | 21 | ഗുഡ് ടെക് എന്റർപ്രൈസസ് | 9 |
| 12 | 22 | കെ.വി.എസ് ഫൂട്ട്കെയർ | 9 |
| 13 | 24 | എച്ച് ആർ അപ്പർ സൊല്യൂഷൻസ് | 7 |
| 14 | 25 | എ.ബി.സി ഫൂട്ട്കെയർ | 8 |
| 15 | 26 | സ്കൈ എജൻസീസ് | 8 |
| 16 | 232 | ജമീല ഹോട്ടൽ | 8 |
| 17 | 426 | ഡോ.ഷാജീസ് ഫാമിലി ക്ലിനിക് | 11 |

(Ii) ഗ്രാമപഞ്ചായത്ത് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള മഅ്ദിൻ ഹൈസ്കൂൾ- മേൽമുറി എന്ന വിദ്യഭ്യാസ സ്ഥാപനത്തിലെ ജിവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

മേൽ പരാമർശിച്ചത് പ്രകാരമുള്ള, കൂടുതൽ ആളുകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും ജോലിക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ ആവശ്യപ്പെട്ട് വിവരങ്ങളുടെ കൃത്യത പരിശോധിച്ച് വരുമാനത്തിനനുസരിച്ചുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതും സ്ഥാപനങ്ങൾ നിയമം പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണെന്നിരിക്കെ ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 09/2021-22/17.12.2022ന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 ലൈസൻസ് അനുവദിച്ചപ്പോൾ കെട്ടിടത്തിന്റെ തരം/ഉപയോഗ ക്രമം മാറ്റി വസ്തു നികുതി പുതുക്കി നിർണ്ണയിച്ചില്ല.

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതു ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ലൈസൻസ് അനുവദിക്കുമ്പോൾ ഗ്രാമപഞ്ചായത്ത് ഒക്കുപ്പൻസി അനുവദിച്ച/നികുതി നിർണ്ണയിച്ച അതേ ആവശ്യത്തിന് തന്നെയാണോ ലൈസൻസ് അനുവദിക്കുന്നത് എന്നത് പ്രത്യേകം പരിശോധിക്കേണ്ടതാണ്.

എന്നാൽ ചുവടെ ചേർത്ത ലൈസൻസുകൾ അനുവദിച്ചപ്പോൾ മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. പാർപ്പിട കെട്ടിടത്തിൽ വാണിജ്യ സ്ഥാപനത്തിനും വാണിജ്യ കെട്ടിടങ്ങളിൽ വ്യവസായ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടുണ്ട്.

| ക്രമ നം | ലൈസൻസ് നം | ലൈസൻസ് അനുവദിച്ചതിന്റെ പ്രവർത്തനം | ലൈസൻസ് അനുവദിച്ച വാർഡ്/കെട്ടിട നമ്പർ , തരം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 31 | സ്റ്റീൽ, കമ്പി, സിമന്റ് വിൽപ്പന | 1/477,479,326- മൂന്ന കെട്ടിട നമ്പറുകളും പാർപ്പിട തരം കെട്ടിടങ്ങളാണ്. |
| 2 | 13 | ചെരുപ്പ് സ്റ്റാപ്പ് നിർമ്മാണം | 13/630 I – 100 ച.മീ. വരെ വിസ്തീർണ്ണമുള്ളവാണിജ്യാവശ്യത്തിനുള്ള കെട്ടിടം |
| 4 | 14 | ചെരുപ്പ് സ്റ്റാപ്പ് നിർമ്മാണം | 12/237 മുതൽ 242 വരെ – 100 ച.മീ. വരെ വിസ്തീർണ്ണമുള്ളവാണിജ്യാവശ്യത്തിനുള്ള കെട്ടിടം |
| 5 | 15 | ചെരുപ്പ് സ്റ്റാപ്പ് നിർമ്മാണം | 14/528 D – 100 ച.മീ. വരെ വിസ്തീർണ്ണമുള്ളവാണിജ്യാവശ്യത്തിനുള്ള കെട്ടിടം |
| 6 | 16 | ചെരുപ്പ് സ്റ്റാപ്പ് നിർമ്മാണം | 13/727 – 100 ച.മീ. വരെ വിസ്തീർണ്ണമുള്ളവാണിജ്യാവശ്യത്തിനുള്ള കെട്ടിടം |
| 7 | 17 | ചെരുപ്പ് സ്റ്റാപ്പ് നിർമ്മാണം | 14/532, 535 – 100 ച.മീ. വരെ വിസ്തീർണ്ണമുള്ളവാണിജ്യാവശ്യത്തിനുള്ള കെട്ടിടം<br>14/ 534 – പാർപ്പിട കെട്ടിടം |
| 8 | 18 | ചെരുപ്പ് സ്റ്റാപ്പ് നിർമ്മാണം | 13/660 – 100 ച.മീ. വരെ വിസ്തീർണ്ണമുള്ളവാണിജ്യാവശ്യത്തിനുള്ള കെട്ടിടം |
| 9 | 19 | ചെരുപ്പ് സ്റ്റാപ്പ് നിർമ്മാണം | 13/691,692,693,694,695,696 – 100 ച.മീ. വരെ വിസ്തീർണ്ണമുള്ളവാണിജ്യാവശ്യത്തിനുള്ള കെട്ടിടം |
| 10 | 20 | ചെരുപ്പ് സ്റ്റാപ്പ് നിർമ്മാണം | 13/673,674 – 100 ച.മീ. വരെ വിസ്തീർണ്ണമുള്ളവാണിജ്യാവശ്യത്തിനുള്ള കെട്ടിടം |
| 11 | 21 | ചെരുപ്പ് സ്റ്റാപ്പ് നിർമ്മാണം | 12/237 മുതൽ 250 വരെ – 100 ച.മീ. വരെ വിസ്തീർണ്ണമുള്ളവാണിജ്യാവശ്യത്തിനുള്ള കെട്ടിടം |
| 12 | 22 | ചെരുപ്പ് സ്റ്റാപ്പ് നിർമ്മാണം | 13/726 – 100 ച.മീ. വരെ വിസ്തീർണ്ണമുള്ളവാണിജ്യാവശ്യത്തിനുള്ള കെട്ടിടം |
| 13 | 24 | ചെരുപ്പ് സ്റ്റാപ്പ് നിർമ്മാണം | 13/712 മുതൽ 716 വരെ – 100 ച.മീ. വരെ വിസ്തീർണ്ണമുള്ളവാണിജ്യാവശ്യത്തിനുള്ള കെട്ടിടം |
| 14 | 25 | ചെരുപ്പ് സ്റ്റാപ്പ് നിർമ്മാണം | 13/380 P,Q – 100 ച.മീ. വരെ വിസ്തീർണ്ണമുള്ളവാണിജ്യാവശ്യത്തിനുള്ള കെട്ടിടം |
| 15 | 26 | ചെരുപ്പ് സ്റ്റാപ്പ് നിർമ്മാണം | 13/675 To 685, 692 To 697 – 100 ച.മീ. വരെ വിസ്തീർണ്ണമുള്ളവാണിജ്യാവശ്യത്തിനുള്ള കെട്ടിടം |
| 16 | 344 | 100HP മോട്ടോർ ഉപയോഗിച്ച് PVC പൈപ്പ് നിർമ്മാണം | 5/470 – 100 ച.മീ. വരെ വിസ്തീർണ്ണമുള്ളവാണിജ്യാവശ്യത്തിനുള്ള കെട്ടിടം |
| 17 | 345 | 20HP മോട്ടോർ ഉപയോഗിച്ച് PVC പൈപ്പ് നിർമ്മാണം | 5/473 – 100 ച.മീ. മുകളിൽ വിസ്തീർണ്ണമുള്ളവാണിജ്യാവശ്യത്തിനുള്ള കെട്ടിടം |
| 18 | 346 | 5HP മോട്ടോർ ഉപയോഗിച്ച് പ്ലാസ്റ്റിക് ബോട്ടിൽ നിർമ്മാണം | 2/98 A – 100 ച.മീ. വരെ വിസ്തീർണ്ണമുള്ളവാണിജ്യാവശ്യത്തിനുള്ള കെട്ടിടം |
| 19 | 417 | LED ബൾബ് നിർമ്മാണം | 6/276 – 100 ച.മീ. വരെ വിസ്തീർണ്ണമുള്ളവാണിജ്യാവശ്യത്തിനുള്ള കെട്ടിടം |

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 10/2021-22/17.12.2022 ന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വസ്തു നികുതി പുതുക്കി നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം.

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

എന്നാൽ ചുവടെ ചേർത്ത ലൈസൻസ് അനുവദിച്ചതിൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ശ്രീ. സയ്യിദ് ലിയാക്കത്തലി തങ്ങൾ എന്നവർക്ക് സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് ചുവടെ ചേർത്ത ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

| ലൈസൻസ് നം | ലൈസൻസ് അനുവദിച്ചതിന്റെ പ്രവർത്തനം | സ്ഥാപനത്തിന്റെ പേര് | വാർഡ്/കെട്ടിട നമ്പർ , തരം | കെട്ടിട ഉടമ |
|---|---|---|---|---|
| 468/2021-2022 /B-1/884/22 Dtd.25.02.2022 | സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് | ലിഫൈറ സൂപ്പർ മാർക്കറ്റ് | 10/669 A,B,C,D,E,F,G,H. | ശ്രീമതി. ജമീല നന്നത്ത് കുഴിത്തൊടിക |

ഇത് സംബന്ധിച്ച അപാകത ചുവടെ ചേർക്കുന്നു.

10/669 A,B,C,D,E,F,G,H എന്നീ കെട്ടിട നമ്പറുകളിലായി ആകെ 312.78 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിലാണ് ടി സൂപ്പർ മാർക്കറ്റിന് ലൈസൻസ് അനുവദിച്ചത്. ലൈസൻസ് അനുവദിച്ച കെട്ടിട നമ്പറുകൾ സഞ്ചയയിൽ പരിശോധിച്ചതിൽ, 'വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ- വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്ററന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന തരം ഗണത്തിലുൾപ്പെടുത്തി ച.മീ-ന് 40 രൂപ നിരക്കിൽ കണക്കാക്കി നികുതി നിർണ്ണയിച്ച കെട്ടിടത്തിലാണ് മേൽ ലൈസൻസ് അനുവദിച്ചിരിക്കുന്നത് എന്ന് ബോധ്യപ്പെട്ടു. ചട്ടപ്രകാരമുള്ള തരം മാറ്റം വരുത്തി 'വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീ-ന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ' എന്ന ഗണത്തിലുൾപ്പെടുത്തി ച.മീറ്ററിന് 80 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച ശേഷമായിരുന്നു സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് ലൈസൻസ് അനുവദിക്കേണ്ടിയിരുന്നത്. അപ്രകാരം ചെയ്യാത്തത് കാരണം ചട്ടലംഘനത്തോടൊപ്പം വസ്തു നികുതിയിൽ 312.78x(80-40)=12511.2+(20% വഴി വർദ്ധന)=15014/- രൂപ നികുതി കുറവും സംഭവിക്കുന്നുണ്ട്. ടി കെട്ടിടത്തിലെ തന്നെ മുകളിൽ പരാമർശിക്കാത്ത കടമുറികളിൽ മേൽ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ എന്നതും പരിശോധിക്കേണ്ടതുണ്ട്. അപ്രകാരമെങ്കിൽ ആയതിന്റെ കൂടി നികുതി പുതുക്കി നിർണ്ണയിക്കേണ്ടതായി വരുന്നതാണ്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 08/2021-22/16.12.2022ന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും വസ്തു നികുതി പുതുക്കി നിർണ്ണയിച്ച് നഷ്ടതുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-16 നിലം ഭൂമിയിൽ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ അനുവദിച്ചു.

2021-22 സാമ്പത്തിക വർഷത്തിൽ നമ്പർ അനുവദിച്ച/വസ്തു നികുതി നിർണ്ണയിച്ച വിവിധ കെട്ടിടങ്ങളുടെ നമ്പറിംഗ്/വസ്തു നികുതി നിർണ്ണയം സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ, ചുവടെ ചേർത്ത ഫയൽ പ്രകാരമുള്ള കെട്ടിടത്തിന് നമ്പർ അനുവദിച്ചതിൽ ഗ്രാമപഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫയൽ നം | അനുവദിച്ച കെട്ടിട നമ്പറുകൾ | കെട്ടിടത്തിന്റെ തരം | കെട്ടിട ഉടമ | കെട്ടിട നമ്പർ അനുവദിച്ച തിയതി |
|---|---|---|---|---|
| A1-4754/21 | 8/28 B, C, D - ആകെ 57.63 ച.മീ- ഗ്രൗണ്ട് ഫ്ലോർ | വാണിജ്യ കെട്ടിടം | ശ്രീ. ഉസ്മാൻ, വൈസ് പ്രസിഡണ്ട്, കിദ്മത്തുൽ ഇസ്ലാം സംഘം | 06.01.2022 |

മേൽ കെട്ടിടത്തിന് നമ്പർ അനുവദിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പൂക്കോട്ടൂർ വില്ലേജിൽ ബ്ലോക്ക് നം 55, റിസർവ്വേ നം 375/1-4-1 (75ച.മീ), 375/1-3-1 (56 ച.മീ) എന്നീ സ്ഥലത്താണ് മേൽ കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. പൂക്കോട്ടൂർ വില്ലേജ് ഓഫീസിൽ നിന്നുള്ള 30.07.20ലെ 48275862 നമ്പർ പൊസഷൻ സർട്ടിഫിക്കറ്റ് , നികുതി രസീത്, സ്ഥലത്തിന്റെ ആധാരം എന്നിവ പ്രകാരം മേൽ ഭൂമി നിലം ഭൂമിയാണ്. നിലം ഭൂമിയിൽ നിർമ്മിച്ച കെട്ടിടത്തിനാണ് നമ്പർ അനുവദിച്ചത്.

2) ഭൂമിയുടെ തരം നിലം ആയതിനാൽ ടി കെട്ടിടത്തിന് നമ്പർ അനുദിക്കാവുന്നതല്ല എന്ന് കാണിച്ച് 10.12.2020ന് കെട്ടിട അപേക്ഷകന് ഗ്രാമപഞ്ചായത്ത് എ1-4754/20 നമ്പർ കത്ത് നൽകിയിട്ടുണ്ട്. ശേഷം 06.01.2022ന് ടി കെട്ടിടത്തിന് നമ്പർ അനുവദിച്ചത് എന്തടിസ്ഥാനത്തിലാണ് എന്നത് വ്യക്തമല്ല.

3) ഫയൽ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ പരിശോധനക്ക് അയച്ചിട്ടില്ല. എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ട് ഫയലിൽ ഇല്ല. പ്ലാനുകളിൽ അസി. എഞ്ചിനിയറുടെയോ ഓവർസിയറുടെയോ അപ്രൂവൽ/സാക്ഷ്യപ്പെടുത്തൽ ഇല്ല.

4) ഫയൽ പ്രൊസ്സസിംഗിൽ ഗ്രാമപഞ്ചായത്തിലെ വിവിധ തലങ്ങളിലെ ജീവനക്കാരുടെ കുറിപ്പുകൾ ഫയലിൽ ഇല്ല.

5) പ്ലോട്ടിന്റെ പഴയ സർവ്വേ നമ്പറാണ് സഞ്ചയയിൽ ചേർത്തിരിക്കുന്നത്.

6) കെട്ടിടത്തിന്റെ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല.

അപാകതകൾ നിലനിൽക്കെ മേൽ കെട്ടിടത്തിന് നമ്പർ അനുദിച്ചത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 20/2021-22/21.12.2022ന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-17 അനധികൃത നിർമ്മാണങ്ങൾ-ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല

2021-22 സാമ്പത്തിക വർഷത്തിൽ നമ്പർ അനുവദിച്ച/വസ്തു നികുതി നിർണ്ണയിച്ച വിവിധ കെട്ടിടങ്ങളുടെ നമ്പറിംഗ്/വസ്തു നികുതി നിർണ്ണയം സംബന്ധിച്ച ഫയലുകൾ പരിശോധനക്ക് വിധേയമാക്കിയതിൽ, ചുവടെ ചേർത്ത കെട്ടിടങ്ങൾ/ സൈറ്റുകൾ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ 20.12.2022 ന് ഓഡിറ്റ് നേരിട്ട് പരിശോധന നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെർമിറ്റ്, കെട്ടിട ഉടമ, നമ്പർ, തരം , വിസ്തീർണ്ണം- ഫയൽ/സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ | പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ/അപാകതകൾ |
|---|---|---|
| 1 | A1 5000/17/ 12.04.18, ശ്രീമതി. ഫാത്തിമ & മറ്റുള്ളവർകൂടി<br>10/507 A മുതൽ R വരെ( O ഒഴികെ) ആകെ 698.65ച.മീ(296.5 GF+373.35 FF+18.8 Stair) വിസ്തീർണ്ണം വാണിജ്യ ആവശ്യ ഗണത്തിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട് (നികുതി നിരക്ക് Rs.80/ച.മീ).<br>പ്ലാൻ പ്രകാരം ഗ്രൗണ്ട് ഫ്ലോറിൽ നാല്വം സെല്ലാർ ഫ്ലോറിൽ അഞ്ചും ആയി ആകെ 9 പാർക്കിംഗ് സൗകര്യം ഒരുക്കിയിട്ടുണ്ട്. | 1)കെട്ടിടത്തിന് രണ്ടാം നില ഒന്നാം നിലയുടെ അതേ വിസ്തീർണ്ണത്തിൽ (373.35 ച.മീ) അനധികൃത നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br>2) രണ്ടാം നില നിർമ്മിച്ചതിന്റെ വിസ്തീർണ്ണം കൂടി ചേരുമ്പോൾ കെട്ടിടത്തിന്റ ആകെ വിസ്തീർണ്ണം 1072 ച.മീ. ആവും ആയത് പ്രകാരം 1072/90=11.91 Say 12 കാർ പാർക്കിംഗ് സൗകര്യ ഒരുക്കണം. എന്നാൽ നിലവിലുള്ള 9 കാർ പാർക്കിംഗ് സ്ഥലവും ലോഡിംഗ് അൺലോഡിംഗ് സ്ഥലവും ടു വീലർ പാർക്കിംഗ് സ്ഥലവും കഴിച്ചാൽ സൈറ്റിൽ മൂന്ന് കാർ പാർക്കിംഗ് സൗകര്യം കൂടി ഒരുക്കാനുള്ള സ്ഥലം ലഭ്യമാവില്ല.<br>3) അനധികൃത നിർമ്മാണം കൂടി ഉൾപ്പെടുമ്പോൾ |

| | | | | |
|---|---|---|---|---|
| | | | കെട്ടിടത്തിന്റെ ആകെ ബിൽഡ് അപ് ഏരിയ 1000ച.മീ-ൽ അധികരിക്കുന്നതിനാൽ കെട്ടിടത്തിന് ഫയർ & റസ്ക്യൂ വകുപ്പിന്റെ നിരാക്ഷേപ പത്രം ലഭ്യമാക്കേണ്ടതുമുണ്ട്.<br>4) അംഗീകൃത പ്ലാനിൽ ഗ്രൗണ്ട് ഫ്ലോറിലെ നടുമുറ്റത്തായി ഒരുക്കിയ 3 പാർക്കിംഗുകളിലേക്കുള്ള വഴിയിലാണ് 30ച.മീ ലോഡിംഗ് അൺലോഡിംഗ് സ്ഥലവും ടു വീലർ പാർക്കിംഗു ഒരുക്കിയത്. ചട്ടം 29(4) പ്രകാരം പാർക്കിംഗിലേക്ക് വേണ്ട വഴി സൗകര്യം ലഭ്യമാകുന്നില്ല. | |
| | 2 | 2/167 A മുതൽ AD വരെ (I,O ഒഴികെ) ക്രമവൽക്കരണം. ശ്രീ. ഹംസ ഹാജി.<br>ആകെ 749.61ച.മീ(343.35 GF+406.26 FF). വാണിജ്യ കെട്ടിടം (നികുതി നിരക്ക് Rs.80/ച.മീ).<br>കെട്ടിടത്തിന് ആവശ്യമായ 9 കാർ പാർക്കിഗ് സൗകര്യം, പ്ലോട്ടിൽ കെട്ടിടത്തിന്റെ മുന്നിൽ ലോഡിംഗ് അൺലോഡിംഗ് സ്ഥലം കഴിച്ച് മൂന്ന് എണ്ണവും ഗ്രൗണ്ട് ഫ്ലോറിൽ ഒന്നം പടിഞ്ഞാറ് വശത്ത് അഞ്ചും ആയിട്ടാണ് ഒരുക്കിയിരിക്കുന്നത്. | 1)കെട്ടിടത്തിന് രണ്ടാം നില ഒന്നാം നിലയുടെ അതേ വിസ്തീർണ്ണത്തിൽ (406.26 ച.മീ) അനധികൃത നിർമ്മാണം സ്റ്റീൽ വസ്തുക്കളും മറ്റും ഉപയോഗിച്ച് നിർമ്മിച്ച് സ്റ്റീൽ ഷീറ്റ് മേൽക്കൂരയിട്ട് പൂർത്തീകരിച്ചിട്ടുണ്ട്.<br>ഇതിൽ ബോഡി ബിൽഡിംഗ്/ഫിറ്റ്നസ് സ്ഥാപനം തുടങ്ങുന്നതിലേക്കായി ഫിറ്റ്നസ് ഉപകരണങ്ങൾ എത്തിച്ച് ബോർഡും സ്ഥാപിച്ചിട്ടുണ്ട്.<br>ഫയൽ പ്രകാരമുള്ള പാർക്കിംഗ് സൗകര്യം പ്ലോട്ടിൽ നിലവിൽ ലഭ്യമല്ല. പ്ലാനിൽ രേഖപ്പെടുത്തിയ ഗ്രൗണ്ട് ഫ്ലോറിലെ ഒന്നം പടിഞ്ഞാറ് വശത്തെ അഞ്ചും കാർ പാർക്കിംഗ് സ്ഥലം നിലവിൽ ലഭ്യമല്ല. ഗ്രൗണ്ട് ഫ്ലോറിലെ പാർക്കിംഗ് സ്ഥലം കെട്ടിടത്തിൽ കടമുറികളോട് ചേർത്ത് ആയതിൽ വ്യാപാര സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. പടിഞ്ഞാറ് വശത്ത് ഒരുക്കിയ 5 പാർക്കിംഗുകളിൽ ചട്ടം 29(4) പ്രകാരമുള്ള വഴി സൗകര്യം കഴിച്ചാൽ ഒരു പാർക്കിംഗ് സൗകര്യം മാത്രമാണ് ലഭ്യമാവുക. ബാക്കി നാല് പാർക്കിംഗും ടു വീലർ പാർക്കിംഗും നിലവിൽ മതിൽ സ്ഥാപിച്ച് കെട്ടിട ഉടമയുടെ തന്നെ(പ്ലാൻ പ്രകാരം) മറ്റൊരു തോട്ടം/പ്ലോട്ടാക്കി മാറ്റിയതിനാൽ പാർക്കിംഗ് പ്രായോഗികമല്ല.<br>2) ക്രമ നം1 ലെ കണ്ടെത്തലുകൾ പ്രകാരം കുറവ് വന്ന കാർപാർക്കിംഗ് സൗകര്യം പരിഗണിക്കുമ്പോൾ നിലവിൽ 4 കാർ പാർക്കിംഗ് സൗകര്യം മാത്രമാണ് സൈറ്റിൽ ലഭ്യമാവുന്നത്. രണ്ടാം നില നിർമ്മിച്ചതിന്റെ വിസ്തീർണ്ണം കൂടി ചേരുമ്പോൾ കെട്ടിടത്തിന്റ ആകെ വിസ്തീർണ്ണം 1155.87 ച.മീ. ആവും ആയത് പ്രകാരം 1155.87/90=12.48 Say 13 കാർ പാർക്കിംഗ് സൗകര്യ ഒരുക്കണം. എന്നാൽ നിലവിൽ ലഭ്യമാവുന്ന 4 കാർ പാർക്കിംഗ് സ്ഥലവും ലോഡിംഗ് അൺലോഡിംഗ് സ്ഥലവും കഴിച്ച് 9 കാർ പാർക്കിംഗ് സൗകര്യവും ടു വീൽ പാർക്കിംഗ് സൗകര്യവും പ്ലോട്ടിൽ ഒരുക്കേണ്ടതുണ്ട്.<br>പ്ലാൻ പ്രകാരം പ്ലോട്ടിൽ ഉള്ള കെട്ടിട ഉടമയുടെ തന്നെ സ്ഥലം പാർക്കിംഗിനായി ചട്ടപ്രകാരം ഒരുക്കാനാവുന്നതാണോ എന്നത് പരിശോധിക്കാവുന്നതാണ്. | |

| | | |
|---|---|---|
| | | 3) അനധികൃത നിർമ്മാണം കൂടി ഉൾപ്പെടുമ്പോൾ കെട്ടിടത്തിന്റെ ആകെ ബിൽഡ് അപ് ഏരിയ 1000ച.മീ-ൽ അധികരിക്കുന്നതിനാൽ കെട്ടിടത്തിന് ഫയർ & റസ്ക്യു വകുപ്പിന്റെ നിരാക്ഷേപ പത്രം ലഭ്യമാക്കേണ്ടതുമുണ്ട്. |
| 3 | A1-1173/2020/12.05.2020. 09/485 A മുതൽ H വരെ, ശ്രീ. അബ്ദുൽ അലി<br>ആകെ 395.55 ച.മീ(175.63GF+202.67FF+17.25Stair) വാണിജ്യ കെട്ടിടം (നികുതി നിരക്ക് Rs.80/ച.മീ).<br>കെട്ടിടത്തിന് ആവശ്യമായ അഞ്ച് കാർ പാർക്കിംഗുകളിൽ മൂന്ന് എണ്ണം മുൻവശത്തും 2 എണ്ണം ഗ്രൗണ്ട് ഫ്ലോറിലുമായിട്ടാണ് രേഖപ്പെടുത്തിയത്. | 1)കെട്ടിടത്തിന് രണ്ടാം നില 109.8ച.മീ വിസ്തീർണ്ണത്തിൽ അനധികൃത നിർമ്മാണം സ്റ്റീൽ വസ്തുക്കളും മറ്റും ഉപയോഗിച്ച് നിർമ്മിച്ച് സ്റ്റീൽ ഷീറ്റ് മേൽക്കൂരയിട്ടും ബാക്കി ഭാഗം ഷീറ്റ് മേൽക്കൂരയിട്ടും പൂർത്തീകരിച്ചിട്ടുണ്ട്.<br>പ്ലാനിൽ രേഖപ്പെടുത്തിയ ഗ്രൗണ്ട് ഫ്ലോറിലെ രണ്ട് പാർക്കിംഗ് സ്ഥലങ്ങൾക്ക് കെട്ടിടത്തിലെ കടമുറികൾ ചെയ്ത പോലെ തന്നെ ഷട്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>2) രണ്ടാം നില നിർമ്മിച്ചതിന്റെ വിസ്തീർണ്ണം കൂടി ചേരുമ്പോൾ കെട്ടിടത്തിന്റ ആകെ വിസ്തീർണ്ണം 505.35 ച.മീ. ആവും ആയത് പ്രകാരം 505.35/90=5.61 Say 6 കാർ പാർക്കിംഗ് സൗകര്യ ഒരുക്കണം. എന്നാൽ ഷട്ടർ സ്ഥാപിച്ച് കടമുറികൾ പോലെ ആക്കിയ 2 കാർ പാർക്കിംഗ് കൂടി പരിഗണിച്ചാൽ തന്നെ ഒരു കാർ പാർക്കിംഗ് സൗകര്യ കുറവ് വരുന്നതാണ്. |
| 4 | 16/23 A മുതൽ I വരെ.<br>16/23 A-115.46ച.മീ. റസിഡൻഷ്യൽ, 16/23B-I – 163.35ച.മീ. ആകെ -278.81 ച.മീ.<br>വാണിജ്യ കെട്ടിടം. ഗ്രൗണ്ട് ഫ്ലോർ. ക്രമവൽക്കരണം.<br>ഉടമ- ശ്രീ. അബ്ദുൽ അസീസ് | കെട്ടിടത്തിന്റെ ഒന്നാം നില താഴത്തെ നിലയുടെ അതേ വിസ്തീർണ്ണത്തിൽ റൂഫ് കോൺക്രീറ്റ് വാർത്ത് നിർമ്മാണം നടന്നിട്ടുണ്ട്. |

നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട മേൽ കെട്ടിടങ്ങളിലെ അനധികൃത നിർമിതികൾക്ക് നാളിതുവരെയും ക്രമവൽകരണം നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അനധികൃത നിർമ്മാണങ്ങളുടെ പട്ടികയിൽപ്പെടുത്തി നിശ്ചിത നിരക്കിൽ വസ്തുനികുതി ഈടാക്കണമെന്ന് നിർദേശിക്കുന്നുണ്ട്. ചട്ടം 24 പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് നേരത്തെ സംഭവിക്കുന്നത് ആ അർദ്ധവർഷാരംഭം മുതൽ വസ്തു നികുതി നൽകാൻ കെട്ടിട ഉടമസ്ഥൻ ബാദ്ധ്യസ്ഥനാകുന്നതാണ് എന്നും വ്യക്തമാക്കുന്നുണ്ട്.

മേൽ കെട്ടിടങ്ങൾ എന്നു മുതലാണ് പ്രവർത്തനക്ഷമമായതു എന്ന് പരിശോധിച്ച് ആയത് മുതലുള്ള വസ്തുനികുതി കണക്കാക്കി കുടിശ്ശിക സഹിതം ഈടാക്കേണ്ടതുണ്ട്. നിയമപ്രകാരമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങളായതിനാൽ നിയമപ്രകാരമുള്ള നികുതിക്ക് പുറമെ അതിന്റെ രണ്ട് ഇരട്ടി കൂടി ഈടാക്കാൻ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 19/2021-22/21.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ അനധികൃത നിർമ്മാണങ്ങൾ ക്രമവൽകരിക്കാവുന്നതാണോ എന്നത് പരിശോധിച്ച് അനധികൃത നിർമ്മാണങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കുകയോ 2018ലെ അൺഓതറൈസ്ഡ് ബിൽഡിംഗ് റഗുലറൈസേഷൻ റൂൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതുമുണ്ട്. കെട്ടിടം പ്രവർത്തനക്ഷമമായതു മുതൽ ക്രമവൽകരണം നടത്തുന്നതു വരെ കെട്ടിടത്തിന് U/A നമ്പർ നൽകി ചട്ടപ്രകാരമുള്ള മൂന്ന് ഇരട്ടി നികുതി ഈടാക്കേണ്ടതുമുണ്ട്. ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ബാലസഭ -പ്രവർത്തനം അധിക തുക ചെലവഴിച്ചു.

പ്രോജക്ട് : 77/22 ബാലസഭ

അടങ്കൽ : 58439/-(വികസനം - പൊതുവിഭാഗം)

ചെലവ് : 58439/- (22101129/19.02.2022)

2021-22 വർഷത്തിൽ അസി.സെക്രട്ടറി നിർവ്വഹണം ചെയ്ത മേൽ പ്രോജക്ട് പ്രകാരം ബാലസഭ പ്രവർത്തനങ്ങൾക്കായി 58439/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ.ഉ (കൈ ) നം. 22/2018/തസ്വഭവ, തിരുവനന്തപുരം: തിയ്യതി 14.02.2018 സബ്സിഡി മാർഗ്ഗരേഖ ക്രമ നമ്പർ7.6.17 പ്രകാരം ബാലസഭക്ക് പഞ്ചായത്ത് തലത്തിൽ ചെലവഴിക്കാവുന്ന മാക്സിമം തുക 40000/- രൂപയാണ്. അധികം തുക ചെലവഴിക്കുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/2021-22/15.12.2022) മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗരേഖയിൽ അനുവദനീയമായതിലും കൂടുതൽ തുക ചെലവഴിച്ചതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 സപ്ലിമെന്ററി ന്യൂട്രിഷൻ പ്രോഗ്രാം- അപാകതകൾ.

2021-22 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച പോഷകാഹാര വിതരണ പരിപാടികൾ വഴി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ | ചെലവ് | ഫണ്ടിനം |
|---|---|---|---|---|
| 1 | 4/22 അംഗൻവാടി പോഷകാഹാരം എസ് സി | 300000 | 300000 | വികസന ഫണ്ട് SCP |
| 2 | 5/22 അംഗൻവാടി പോഷകാഹാരം | 3646520 | 3646520 | വികസന ഫണ്ട് പൊതു വിഭാഗം |
| | | 3000000 | 3000000 | കേന്ദ്രാവിഷ്കൃത ഫണ്ട് |

1) GST നിയമപ്രകാരം GST ബാധകമായ സാധനങ്ങളുടെ വില നൽകുമ്പോൾ സാമ്പത്തിക വർഷത്തിൽ ₹ 250000 ൽ അധികം ഉണ്ടെങ്കിൽ നിശ്ചിത 2% നിരക്കിൽ GST TDS ചെയ്യണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ന്യൂട്രിമിക്സ്, ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവ വിതരണം ചെയ്തതിന് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ടെങ്കിലും പണം നൽകിയപ്പോൾ GST TDS ചെയ്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | നൽകിയ തുക (ടാക്സ് ഒഴികെ |
|---|---|---|
| 1 | പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ് | 276575 |
| 2 | പുലരി ന്യൂട്രിമിക്സ് യൂണിറ്റ് | 2840285 |
| 3 | ബിസ്മി ന്യൂട്രിമിക്സ് യൂണിറ്റ് | 881411 |
| 4 | നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ് യൂണിറ്റ് | 548426 |

2) ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന സ്ഥാപനങ്ങളുമായി കരാർ ചമച്ചിട്ടില്ല.

ന്യൂട്രിമിക്സ്, ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവ വിതരണം ചെയ്ത സ്ഥാപനങ്ങളെ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടില്ല. സ്ഥാപനങ്ങളുമായി കരാർ ചമക്കുകയും ചെയ്തിട്ടില്ല.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/21-22/17.12.2022) അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകൽ -അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ട് : 29/22 എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകൽ

അടങ്കൽ : 116800/- (Plan- SCP)

ചെലവ് : 116800/- (വൗച്ചർ നം 22100922/ 15.02.2022)

2021-22 വർഷത്തിൽ അസി.സെക്രട്ടറി നിർവ്വഹണം ചെയ്ത മേൽ പദ്ധതി പ്രകാരം 32 വിദ്യാർത്ഥികൾക്ക് സ്റ്റീൽ ബെഞ്ചും ഡസ്കും വിതരണം ചെയ്തിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.22/2018/തസ്വഭവ തിയ്യതി 14.2.2018ഖണ്ഡിക 7.2.7 പ്രകാരം ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽമാത്രമേ ഈ ആനുകൂല്യം നൽകാവൂ എന്നും പട്ടികജാതി / പട്ടിക വർഗ്ഗ വകുപ്പിൽനിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ ആനുകൂല്യത്തിന് അർഹരല്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിബന്ധനകൾ ഉറപ്പ് വരുത്തുന്നതിനുള്ള രേഖകളൊന്നും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ആനുകൂല്യം നൽകിയവരുടെ പേരു വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കാത്തതിനാൽ മുൻവർഷങ്ങളിൽ ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നില്ല. രേഖകൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (06/2021-22/16.12.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 116800 /- രൂപ തടസ്സം ചെയ്യുന്നു.

## 1-21 എസ് സി കോളനികളിലെ ശ്മശാനങ്ങളിലേക്ക് ശവമഞ്ചവും ശവ സംസ്കാരത്തിനുള്ള അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- അപാകതകൾ

പ്രോജക്ട് : 53/22 എസ് സി കോളനികളിലെ ശ്മശാനങ്ങളിലേക്ക് ശവമഞ്ചവും ശവ സംസ്കാരത്തിനുള്ള അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

അടങ്കൽ : 150000/-(വികസനം - SCP)

ചെലവ് : 149980/- (വൗച്ചർ നമ്പർ. 22101186/23.03.2022)

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ 14 എസ് സി ശ്മശാനങ്ങൾക്കായി ശവമഞ്ചവും ശവസംസ്കാരത്തിനുള്ള അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(1) ടെണ്ടർ നടപടികളിലൂടെയാണ് പർച്ചേസ് നടത്തിയിട്ടുള്ളത്. 24.12.2021 ന് നടത്തിയ ടെണ്ടറിൽ ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചത്. തുടർന്ന് റീ ടെണ്ടർ ചെയ്തതിൽ 3 സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ട്. 17.02.2022 ലെ ഭരണ സമിതി തീരുമാനം 1 (1) പ്രകാരം കുറഞ്ഞ തുക ക്വാട്ട് ചെയ്ത BSGST എന്ന സ്ഥാപനത്തിൽ നിന്നും പർച്ചേസ് ചെയ്യുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ താരതമ്യ പത്രിക ഫയലിൽ ലഭ്യമാക്കിയില്ല. മൂന്നു സ്ഥാപനങ്ങളും ക്വാട്ട് ചെയ്ത വിലകൾ താരതമ്യം ചെയ്യുമ്പോൾ ശവമഞ്ചത്തിന് കുറഞ്ഞ വില ക്വാട്ട് ചെയ്തത് High Look Furnitures എന്ന സ്ഥാപനമാണ്. വിശദ വിവരം താഴെ ചേർക്കുന്നു.

| ഇനം | High Look Furnitures | BSGST | വ്യത്യാസം | വാങ്ങിയ എണ്ണം |
|---|---|---|---|---|
| ശവമഞ്ചം സ്റ്റീൽ | 12500 (Open) | 25800(box Type) | 13300 | 4 |

ടെണ്ടർ നോട്ടീസ് പ്രകാരം ശവമഞ്ചം സ്റ്റീൽ എന്നു മാത്രമാണ് സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടുള്ളത്. ലഭ്യമാക്കിയ ടെണ്ടറുകളിൽ Open, Box Type എന്നിങ്ങനെ രണ്ടിനം ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രൊക്വയർമെന്റ് മിനുട്സ് പരിശോധിച്ചതിൽ ഈ വാങ്ങൽ നടപടിയെക്കുറിച്ച് തീരുമാനം ഒന്നും തന്നെ എടുത്തിട്ടില്ല. ഭരണസമിതി തീരുമാനത്തിലും എന്തുകൊണ്ട് ബോക്സ്ടൈപ്പ് തെരെഞ്ഞെടുത്തു എന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇത്തരത്തിൽ കൂടിയ വിലയ്ക്ക് വാങ്ങിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.

(2) പർച്ചേസ് ചെയ്ത ശവമഞ്ചങ്ങൾ 14 ശ്മശാനങ്ങൾക്കായി വിതരണം ചെയ്തതായി കാണുന്നുവെങ്കിലും ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 07/2021-22/16.12.2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ലഭ്യമാക്കുകയോ ചെയ്തില്ല. എന്നാൽ എക്സിറ്റ് മീറ്റിംഗിൽ ഗുണമേന്മ നോക്കിയാണ് BSGSTയിൽ നിന്നും സാധനം വാങ്ങിയതെന്ന് പ്രസിഡന്റ് വിശദീകരിക്കുകയുണ്ടായി. ടെണ്ടർ നോട്ടീസിൽ വാങ്ങിക്കേണ്ട സാധനത്തിന്റെ കൃത്യമായ സ്പെസിഫിക്കേഷൻ നൽകുന്നതിന് ശ്രദ്ധിക്കേണ്ടതും കുറഞ്ഞ തുകക്കുള്ള സാധനങ്ങൾ ഒഴിവാക്കി കൂടിയ വിലക്കുള്ളത് വാങ്ങുന്നതിന് തീരുമാനിക്കുമ്പോൾ കൃത്യമായ കാരണം രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-22 തെരുവു വിളക്ക് റിപ്പയർ - പൊതു അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് : 225/22 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്

അടങ്കൽ : 200000/- (തനത് ഫണ്ട് )

ചെലവ് : 159155/-(വൗച്ചർ നമ്പർ 22101011/31.03.2022 (52075 /-)

വൗച്ചർ നമ്പർ : 22100944/31.03.2022 (107800/-)

2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ട് വഴി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവു വിളക്ക് റിപ്പയർ ചെയ്യുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ തുക/ ഫണ്ടിനം | ചെലവു തുക (വൗച്ചർ നമ്പർ/തിയ്യതി) | കുറിപ്പ് |
|---|---|---|---|
| 222/22 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | 2,00,000/- (തനത് ഫണ്ട് ) | 107800 (22100944/31.03.2022) | 88685/- തെരുവുവിളക്കുകളുടെ റിപ്പയർ ആവശ്യത്തിലേക്കായി ഇലക്ട്രിക് സാധനങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ച് ഏഷ്യൻ മാർക്കറ്റിംഗ് വാഴക്കാട് എന്ന സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങിയതിന് ചെലവഴിച്ച തുക (ഇൻവോയ്സ് നമ്പർ - A376/18.01.2022) & A 405/09.02.2022 ) |
| | | | 2435/- 24.01.2022 മുതൽ 28.01.2022 വരെ 5 ദിവസം റിപ്പയറിംഗിനായി സാധനങ്ങൾ സൈറ്റിലേക്ക് എത്തിച്ചതിന്റെ വാഹന വാടക രൂപ |
| | | | 15960/- 24.01.2022 മുതൽ 28.01.2022 വരെ 168 സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയറിംഗ് നടത്തിയതിന് ദിവസക്കൂലി ഇനത്തിൽ ശ്രീ ബഷീർ എന്നവർക്ക് നൽകിയ തുക (@95/ Light) |
| | | 52075 (221001011/31.03.2022) | 11800/- തെരുവുവിളക്കുകളുടെ റിപ്പയർ ആവശ്യത്തിലേക്കായി ഇലക്ട്രിക് സാധനങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ച് ഏഷ്യൻ മാർക്കറ്റിംഗ് വാഴക്കാട് എന്ന സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങിയതിന് ചെലവഴിച്ച തുക (ഇൻവോയ്സ് നമ്പർ - A425/09.03.2022) |
| | | | 4840/- 17.02.2022 മുതൽ 01.03.2022 വരെ റിപ്പയറിംഗിനായി സാധനങ്ങൾ സൈറ്റിലേക്ക് എത്തിച്ചതിന്റെ വാഹന വാടക |
| | | | 35435/- 17.02.2022 മുതൽ 01.03.2022 വരെ 373 സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയറിംഗ് നടത്തിയതിന് ദിവസക്കൂലി ഇനത്തിൽ ശ്രീ ബഷീർ എന്നവർക്ക് നൽകിയ തുക (@95/ Light) |
| ആകെ | | 159155/- രൂപ | |

പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി പ്രകാരം സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തത്. 18 W ന്റെ 365 പുതിയ LED ബൾബുകൾ വാങ്ങിയിട്ടുണ്ട്. കൂടാതെ അവ ഫിറ്റ് ചെയ്യുന്നതിനുള്ള അനുബന്ധ സാധനങ്ങളും വാങ്ങിയിരുന്നു. അറ്റകുറ്റപ്പണി നടത്തിയപ്പോൾ നിലവിൽ പ്രവർത്തനരഹിതമായ വിളക്കുകൾ എന്ത് ചെയ്തു എന്ന വിവരം ലഭ്യമല്ല. മാത്രമല്ല പുതിയ LED ബൾബുകളുടെ വാറണ്ടി സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കിയില്ല. കരാർ കാലയളവിൽ പുതിയതായി സ്ഥാപിച്ച LED ബൾബുകൾ തകരാറിലായാൽ സ്വീകരിക്കേണ്ട നടപടികൾ എന്താണെന്ന് കരാറിൽ വ്യക്തമാക്കിയിട്ടില്ല.

2. തെരുവുവിളക്കുകളുടെ ഇനം, വിവരം, ലൊക്കേഷൻ, വാറണ്ടി വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിലെ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതമായതുമായ, വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ വിവര

ശേഖരണം നടത്തിയിട്ടില്ല.

3. കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല (ഗവ. സർക്കുലർ നം. 3055/ഡി.എ.3/2011/തസ്വഭവ തി. 15.09.2011)

4. പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് ജി2-44274/2015 തി. 17.08.2015 പ്രകാരം നിർദ്ദേശമുള്ളതാണ്. പൊതുജനങ്ങൾക്കും, മെമ്പർമാർക്കും ഉൾപ്പെടെ തെരുവ് വിളക്കുകളുടെ കംപ്ലയിന്റുകൾ രേഖപ്പെടുത്തുന്നതിന് കംപ്ലയിന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5. ശ്രീ.ബഷീർ എന്നവരുമായി ചമച്ച കരാർ ഉടമ്പടി നിബന്ധന 4 പ്രകാരം റിപ്പയർ പ്രവൃത്തി കെ എസ് ഇ ബി അധികൃതരെ അറിയിക്കേണ്ടതാണെങ്കിലും ആയത് സംബന്ധിച്ച റിപ്പോർട്ടുകൾ ഫയലിൽ ലഭ്യമല്ല.

6. കരാർ ഉടമ്പടി നിബന്ധന 6 പ്രകാരം ഫീൽഡിൽ നിന്നും ശേഖരിക്കുന്ന സാമഗ്രികൾ തരംതിരിച്ച് ഓഫീസിൽ എത്തിക്കേണ്ടതും പ്രത്യേക രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

7.തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൽ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച ഒരു മെയിന്റനൻസ് രജിസ്റ്ററും സൂക്ഷിയ്ക്കേണ്ടതാണ്. (പ്രവർത്തന രഹിതമായ തെരുവുവിളക്ക് പോസ്റ്റ് നം. /പ്രദേശം/വാർഡ്, വിവരം നൽകുന്ന ആളിന്റെ പേരും ഫോൺനമ്പർ, അറ്റകുറ്റപണി നടത്തിയ തീയ്യതി, ഇലക്ട്രീഷ്യന്റെ ഒപ്പ്, നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങളടങ്ങിയ രജിസ്റ്റർ ). ആയതും പാലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/2021-22/ 14.12.2022) മറുപടി ലഭ്യമാക്കിയില്ല. രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതും, അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

### 1-23 അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക തടസ്സം ചെയ്യുന്നു

2021-22 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം ചെയ്ത വിവിധ പദ്ധതികൾക്കായി വിവിധ സ്ഥാപനങ്ങളിൽ മുൻകൂറായി തുക അടവാക്കിയിട്ടുണ്ട്. എന്നാൽ തുകയുടെ പൂർത്തീകരണ/വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ആയതു ലഭ്യമാക്കുന്നതു വരെ ചെലവു തുക 959678/- രൂപ തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി 05 /2021-22/14.12.2022)

### 1-23-1 പി എം എ വൈ (G) പദ്ധതിക്ക് പഞ്ചായത്ത് വിഹിതം

| പ്രോജക്ട് | ബിൽ നമ്പർ/ തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|
| 256/22പി എം എ വൈ (G) പദ്ധതിക്ക് പഞ്ചായത്ത് വിഹിതം അനുവദിക്കൽ | വൗച്ചർ നമ്പർ 22101129 /19.02.2022 210000/- Plan- General | മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം |

### 1-23-2 ആർ ജി എസ് എ മലപ്പുറം ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ നിർമ്മാണം പഞ്ചായത്ത് വിഹിതം നൽകൽ

| പ്രോജക്ട് | ബിൽ നമ്പർ/ തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|
| 275/22ആർ ജി എസ് എ മലപ്പുറം ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ നിർമ്മാണം പഞ്ചായത്ത് വിഹിതം നൽകൽ | വൗച്ചർ നമ്പർ 22101201 /16.02.2022 265000/- Plan- General | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം | തുകയുടെ വിനിയോഗ വിവരം |

### 1-23-3 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -കെ എസ് ഇ ബി യിൽ തുക നിക്ഷേപിച്ചത്

| പ്രോജക്ട് | ബിൽ നമ്പർ/ തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|
| 266/22സ്ട്രീറ്റ് | വൗച്ചർ നമ്പർ | കെ എസ് ഇ ബി | പ്രവൃത്തി |

| | | | |
|---|---|---|---|
| മെയിൻ സ്ഥാപിക്കൽ | 2101113/31.03.2022<br>279267/-<br>ധനകാര്യകമ്മീഷൻ അവാർഡ് | Electrical Section Manjeri South | പൂർത്തീകരണ സാക്ഷ്യപത്രം |

## 1-23-4 കുടിവെള്ള പദ്ധതി - പൂർത്തീകരണ വിവരം ലഭ്യമായില്ല

| പ്രോജക്ട് | ബിൽ നമ്പർ/ തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|
| 224/22 ജലനിധി സുസ്ഥിര പദ്ധതി കുടിവെള്ള പദ്ധതികൾക്ക് ഗ്രാമ പഞ്ചായത്ത് വിഹിതം | വൗച്ചർ നമ്പർ 22101020 /28.03.2022<br>184500/-<br>ധനകാര്യകമ്മീഷൻ അവാർഡ് | GPLAC Account - ജലനിധി | മേൽ പദ്ധതി പ്രകാരം 3 കുടിവെള്ള പദ്ധതികളുടെ പ്രവർത്തികൾക്കായാണ് എസ്റ്റിമേറ്റിന്റെ 15% തുകയായ 184500 നൽകിയിട്ടുള്ളത്. എന്നാൽ കാട്ടിൽ പുറത്ത് മുക്ക് കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. കട്ടിയം പാറ കുടിവെള്ള പദ്ധതി, ചെമ്പ്രമ്മൽ കുടിവെള്ള പദ്ധതി എന്നിവയുടെ പൂർത്തീകരണ വിവരം ലഭ്യമായില്ല. ടി പ്രവർത്തികൾക്കായി നൽകിയ 132000/- രൂപ പ്രവർത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാവുന്നതു വരെ തടസ്സം ചെയ്യുന്നു. |

## 1-23-5 കുഴൽ കിണറുകളുടെ നിർമ്മാണം തുക GWD അടവാക്കൽ

| പ്രോജക്ട് | ബിൽ നമ്പർ/ തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|
| 113/22 പഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ 14കുഴൽ കിണറുകളുടെ നിർമ്മാണം തുക GWD അടവാക്കൽ | പേയ്മെന്റ് വൗച്ചർ നമ്പർ XVFC/2021-22 /P/86/2വൗച്ചർനമ്പർ 221001117/31.03.2022<br>73411/-<br>ധനകാര്യകമ്മീഷൻ അവാർഡ് | GWD Malappuram | കുഴൽകിണറുകളുടെ നിർമ്മാണത്തിന് നൽകിയ തുക . പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |

## 1-24 ഹരിത കർമ്മസേനക്ക് വാഹനം വാങ്ങൽ - അധികം നൽകിയ തുക തിരിച്ചീടാക്കേണ്ടതാണ്

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് : 116/22 പൂക്കോട്ടൂർ മാനിയ ഹരിതകർമ്മസേനക്ക് ബാറ്ററി ഓപ്പറേറ്റഡ് വാഹനം വാങ്ങൽ

അടങ്കൽ : 470000/-

മേൽ പദ്ധതി പ്രകാരം ബാറ്ററി ഓപ്പറേറ്റഡ് വാഹനം GeM വഴി വാങ്ങിയതിന് കുറ്റക്കാരൻ ഗ്രീൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തിയ്യതി | തുക | ഫണ്ടിനം |
|---|---|---|---|---|
| 1 | 22101115 | 31.03.2022 | 105000 | ധനകാര്യകമ്മീഷൻ അവാർഡ് |
| 2 | 22101090 | 31.3.2022 | 245000 | കേന്ദ്രാവിഷ്കൃതഫണ്ട് |
| 3 | 22101091 | 30.3.2022 | 84227 | തനത് |
| | | | 434227 | |

ലഭ്യമാക്കിയ ഇൻവോയ്സ് പരിശോധിച്ചതിൽ (880DIEV22000010/06.05.2022) വാഹനത്തിന്റെ വില ടാക്സ് ഉൾപ്പെടെ 407177/- രൂപയാണ്. അധികം തുക നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ (05 /2021-22/14.12.2022) 22040/- രൂപ വാഹനത്തിന്റെ ടാക്സ് അടവാക്കിയതാണെന്നും ബാക്കി തുക 5010/- രൂപ തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചു. തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

ഹരിത കർമ്മസേന പ്രവർത്തകരുമായി നേരിൽ സംസാരിച്ചതിൽ ഈ വാഹനം ഭാരം കയറ്റി കയറ്റം കയറുന്നതിന് ബുദ്ധിമുട്ടാണെന്നാണ് അറിയിച്ചത്. ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ കമ്പനിയെ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് : 90/22ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 125000/- MG (NR)

ചെലവ് : 124000/- (വൗച്ചർ നമ്പർ 22101127 /25.11.2021)

മേൽ വൗച്ചർ പ്രകാരം ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിനായി The Kerala State Homeopathic Co-Operative Pharmacy Ltd. (Homco) യ്ക്ക് മുൻകൂറായി തുക നൽകിയിരുന്നു. എന്നാൽ ഓഡിറ്റ് തിയ്യതി വരേയും മരുന്നുകൾ ലഭ്യമായില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തു വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 05 /2021-22/14.12.2022)

## 1-26 മുൻകൂർ തുക നൽകിയിട്ടും പ്രിന്റർ ലഭ്യമായില്ല

പ്രോജക്ട് : 32/22 കുടുംബശ്രീ ഓഫീസിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ
അടങ്കൽ : 50000/- (തനത്)
ചെലവ് : 44233/- (വൗച്ചർ നമ്പർ 22100497 / 02.11.2021)

2021-22 വർഷത്തിൽ അസി.സെക്രട്ടറി നിർവ്വഹണം ചെയ്ത മേൽ പ്രോജക്ട് പ്രകാരം ഡെസ്ക് ടോപ്പ്, പ്രിന്റർ എന്നിവ പർച്ചേസ് ചെയ്യുന്നതിന് CPRCS വഴി ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം മുൻകൂറായി തുക അടവാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | പ്രൊഫോർമ ഇൻവോയ്സ് നമ്പർ | തുക |
|---|---|---|---|
| 1 | ഡെസ്ക്ടോപ്പ് | TVM/ITBG/PI/RC/30835/20-21 Dated 13.10.2021 | 31280 |
| 2 | പ്രിന്റർ | TVM/ITBG/PI/RC/31522/20-21 Dated 27.10.2021 | 12953 |
| | | | 44233 |

പ്രോജക്ട് പ്രകാരം മുൻകൂർ തുക നൽകിയെങ്കിലും നാളിതു വരെ പ്രിന്റർ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുകയോ മുൻകൂർ അടവാക്കിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. ആയതു വരെ ചെലവു തുക 12953/- തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി 04 /2021-22/15.12.2022)

## 1-27 മെഡിക്കൽ ഓഫീസർ (PHC)-ലാപ്ടോപ്, പ്രിന്റർ-അഡ്വാൻസ് തുക ക്രമീകരിച്ചില്ല.

Pro No. 88/22: കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

അടങ്കൽ : 5,00,000 (തനത് ഫണ്ട്)

ആകെ ചെലവ് : 4,32,293

Ch No. JC-4552118/24-8-2021 Rs. 1,19,078

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 2 വീതം ലാപ്ടോപ്, പ്രിന്റർ എന്നിവ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി. മിഷന് മുകളിൽ കാണിച്ച ചെക്ക് പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണപ്പെടുന്നു.

1) മുൻകൂർ നൽകിയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും വിധം സാധനങ്ങൾ വിതരണം ചെയ്തപ്പോൾ, മുൻകൂറായി നൽകിയ തുകയിൽ 5,544 രൂപ അധികമുള്ളതായി കാണുന്നു.

| ഇൻവോയ്സ് നം. തിയ്യതി | സ്ഥാപനം | ലഭിച്ച ഉപകരണങ്ങൾ | എണ്ണം | ആകെ വില |
|---|---|---|---|---|
| PYSI21034169/10-6-21 | Acer India (P) Ltd. | Laptop With Backpack | 2 | 75,038 |
| A0168/21-22/20-11-21 | ACS Technologies, Tvm. | Printer Canon MF244DW | 2 | 38,496 |
| | | | Total | 1,13,534 |
| | | | Advance | 1,19,078 |
| | | | Excess | 5,544 |

ആയത് ക്രമീകരിച്ചിട്ടില്ല.

2) സ്റ്റോക്ക് രജിസ്റ്ററിൽ ഈ ഉപകരണങ്ങൾ എല്ലാം വിവിധ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്തതായി കാണിച്ച്, സ്ഥാപനത്തിൽ

ഒന്നും അവശേഷിക്കാത്തതായിട്ടാണ് കാണിച്ചിരിക്കുന്നത്. പ്രിന്റർ പോലുള്ള ഓഫീസ് ഉപകരണങ്ങളടക്കം ഇഷ്യൂ കാണിച്ചാൽ, സ്ഥാപനത്തിൽ ഏതെല്ലാം സാധന സാമഗ്രികളും സൗകര്യങ്ങളും ലഭ്യമാണ് എന്ന് വിലയിരുത്തുന്നതെങ്ങനെ എന്ന് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/ 21-12-2022 ന് മറുപടി ലഭിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കുകയും അധികം നൽകിയ തുക ക്രമീകരിക്കുന്നത് വരെ 5,544 രൂപ തടസ്സം ചെയ്യുന്നു.

## 1-28 അസിസ്റ്റന്റ് എഞ്ചിനീയറുടെ കാഷ്ബുക്ക് പരിപാലനം- അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിൽ TR7A മാതൃകയിലുള്ള കാഷ്ബുക്ക് പരിപാലിച്ചതിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1) കാഷ് ബുക്ക് പ്രതിമാസ, വാർഷിക ക്ലോസിംഗ് നടത്തിയിട്ടില്ല.

2) ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും പദ്ധതി ചെലവുകൾക്കായി ടി.എസ്.ബി അക്കൗണ്ടിലേക്ക് നൽകുന്ന തനത് ഫണ്ട് തുകകൾ കാഷ് ബുക്കിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല.

3) അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക്/ടി.എസ്.ബി അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സ്പെഷൽ ടി.എസ്.ബി അക്കൗണ്ടിൽ 31.03.2022ൽ 989672/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ കാഷ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് കാണിച്ചിട്ടില്ല.

4) 23.07.21, 23.09.21, 10.01.22, 08.02.22 എന്നീ തീയതികളിലായി അസി.എഞ്ചിനീയർ ടെണ്ടർ ഫോം വിറ്റയിനത്തിൽ ആകെ 120877/-രൂപ പിരിച്ചെടുക്കുകയും അടുത്ത ദിവസങ്ങളിൽ പഞ്ചായത്തിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത് കാഷ് ബുക്കിൽ കാണിച്ചിട്ടില്ല. പ്രസ്തുത ദിവസങ്ങളിൽ ഇടപാടില്ല എന്നാണ് കാണിച്ചിട്ടുള്ളത്.

5) മുഴുവൻ പദ്ധതിച്ചെലവുകൾ കാഷ്ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രോജക്റ്റ് നം.166/22 (146224/-), നം.58/22 (340675/-), നം.155/22 (222320/-) എന്നീ പദ്ധതികളുടെ ചെലവ് തുകകൾ ചേർത്തിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 12/21-22/17.12.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-29 കുടിവെള്ള പദ്ധതിയുടെ 50,000/-രൂപയിൽ കുറവുള്ള അറ്റകുറ്റപ്പണി ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കി

പദ്ധതി - 263/22, പനക്കൽക്കുണ്ട് കുടിവെള്ള പദ്ധതി പുനരുദ്ധാരണം

സാങ്കേതികാനുമതി നം. - 73010/21-22, 07.01.22, 30000/-

കരാർ നം.- 70/21-22/01.02.22

കൺവീനർ - രഘുനാഥൻ കീഴേടത്ത്

അടങ്കൽ - 30000 (20000 CFC, 10000 ഗുണഭോക്തൃവിഹിതം)

ചെലവ് തുക - 19614/- (CFC)

വൗച്ചർ നം. - 22101085/30.03.22

എം.ബുക്ക് നം. 77/21-22

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയതും ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയതുമായ മേൽ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ട്.

കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈനിന്റെ കേടായ ഭാഗത്ത് 31 മീറ്റർ നീളത്തിൽ 80 Mm GI പൈപ്പ് ഫിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തി മൂല്യം 29614/-രൂപയാണ്. ഇതിൽ CFC വിഹിതം മേൽ വൗച്ചർ പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

സ.ഉ (എം.എസ്) 22/2018/ത.സ്വ.ഭ.വ/14.02.2018 പ്രകാരം ജനറൽ വിഭാഗം കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പും അറ്റകുറ്റപ്പണികളുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ്. 50,000/-രൂപയിൽ അധികമായി വരുന്ന അറ്റകുറ്റപ്പണികൾ മാത്രമാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നത്. നൂറിലധികം കുടുംബങ്ങളുള്ള കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണി ഗുണഭോക്തൃസമിതി മുഖേന നടത്തേണ്ടതായിരുന്നു. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/21-22/19.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിവെള്ള പദ്ധതികളുടെ 50000/-രൂപയിൽ താഴെയുള്ള അറ്റകുറ്റപ്പണികൾ ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിക്കേണ്ടതാണ്.

## 1-30 ഇ-ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ബിഡ് സബ്മിഷൻ ഫീ (ജി.എസ്.ടി ഉൾപ്പെടെ ടെണ്ടർ ഷെഡ്യൂളിന്റെ വില) ഇനത്തിൽ കരാറുകാർ അടവാക്കുന്ന തുകകൾ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. 2020-21 വരെ മാത്രം ഈ ഇനത്തിൽ 141405/- രൂപ ലഭിക്കാനുണ്ട്. ആയത് ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്. 2021-22ൽ ഇ-ടെണ്ടർ ചെയ്ത

പ്രവൃത്തികളുടെ ടെണ്ടർ ഫോം വില ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിക്കാനുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 13/21-22/17.12.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ജി.ഒ.(എം.എസ്)3186/2017/LSGD തീയ്യതി.2.10.2017 പ്രകാരം എസ്.ബി.ഐ യിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത അക്കൗണ്ട് 29.09.2022 ൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ യിൽ ആരംഭിക്കുകയും 2022-23 വർഷത്തെ ഇ-ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിലേക്ക് തന്നെ വരികയും ചെയ്തിട്ടുണ്ട്.

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ഇ-ടെണ്ടർ ഫീ ഇനത്തിൽപഞ്ചായത്തിന് നാളിതുവരെ ലഭിക്കാനുള്ള തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-31 സ്കൂളുകളിലേക്ക് ഫർണീച്ചർ വാങ്ങിയത്- വാങ്ങൽ നടപടിക്രമത്തിലെ അപാകതകൾ

| പ്രോജക്ടിന്റെ പേരും നമ്പറും | 70/22, ഗവ. എൽ.പി, യു.പി സ്കൂളുകളിലേക്ക് ഫർണീച്ചർ വാങ്ങൽ | 277/22, ഗവ. എൽ.പി, യു.പി സ്കൂളുകളിലേക്ക് ഫർണീച്ചർ വാങ്ങൽ |
|---|---|---|
| ഭരണാനുമതി നം. | 21(1)/09.12.21 | 1(1)/21.01.22 |
| അടങ്കൽ | 2,50,000 | 4,80,000 |
| ചെലവ് തുക | 2,49,508 | 4,78,646 |
| ബിൽനം.,തീയതി, | 21150152033701449430/25.03.22 | 21150152033701449413/25.03.22 |
| ഇൻവോയിസ് നം. | BN103/24.03.22, ₹249508 (GST ഉൾപ്പെടെ)<br>49 ബെഞ്ച്, 49 ഡെസ്ക് | BN104/24.03.22, ₹478648 (GST ഉൾപ്പെടെ)<br>94 ബെഞ്ച്, 94ഡെസ്ക് |

ഹെഡ് മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ മേൽ പറയുന്ന രണ്ട് പദ്ധതികളും സ്കൂളുകളിലേക്ക് ബെഞ്ചും ഡെസ്കും വാങ്ങുന്നതിനായി 2021-22 വർഷത്തിൽ അംഗീകാരം ലഭിച്ച പദ്ധതികളാണ്. പദ്ധതി പ്രകാരം 143 സെറ്റ് ബെഞ്ചും ഡെസ്കും വാങ്ങി വിവിധ സ്കൂളുകളിലേക്ക് നൽകിയിട്ടുണ്ട്. ഒരേ സ്പെസിഫിക്കേഷനിലുള്ള സാധനങ്ങൾക്ക് രണ്ടായി ടെണ്ടർ ക്ഷണിച്ചതിൽ 5 ഏജൻസികൾ പങ്കെടുക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കെ.പി ഫർണീച്ചർ, ഓമശ്ശേരി, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുകയും ചെയ്തിട്ടുണ്ട്. (22.03.22ലെ 10(1) നമ്പർ കമ്മിറ്റി തീരുമാനം) പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1) ടെണ്ടർ നടപടിക്രമത്തിൽ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല. മേൽ പറയുന്ന രണ്ട് പദ്ധതികളും സ്കൂളുകളിലേക്ക് ഒരേ ആവശ്യത്തിനായി, ബെഞ്ചും ഡെസ്കും വാങ്ങുന്നതിനായി, 2021-22 വർഷത്തിൽ അംഗീകാരം ലഭിച്ച പദ്ധതികളാണ്. രണ്ട് പദ്ധതികൾക്കുമായി ഒരുമിച്ച് ടെണ്ടർ ചെയ്യുന്നതിനു പകരം രണ്ട് പദ്ധതികൾക്കായി ടെണ്ടർ ക്ഷണിക്കുകയാണ് ചെയ്തിട്ടുള്ളത്. സ്റ്റോർ പർച്ചേസ് മാന്വൽ 2013, ഖ.6-1, 7-2 പ്രകാരം സാധനങ്ങൾ സമാഹരിക്കുമ്പോൾ ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാനം അടുത്ത സാമ്പത്തിക വർഷത്തേക്ക് ആവശ്യമായ സാധനങ്ങൾ കണക്കാക്കി വാർഷിക ആവശ്യകതാ നിർണ്ണയം നടത്തേണ്ടതാണ്. ഒരേ തരത്തിലുള്ള വസ്തുക്കളുടെ ആവശ്യകത ഒരുമിച്ച് കണക്കാക്കി ടെണ്ടർ ക്ഷണിക്കേണ്ടതാണ്. ഭാഗികമായി വാങ്ങൽ നടത്തുവാൻ സാമഗ്രികളെ ചെറിയ ഘടകങ്ങളാക്കി വിഭജിക്കാൻ പാടുള്ളതല്ല. എന്നാൽ മേൽ പദ്ധതികളിൽ ഒരേ സാധനങ്ങളെ വിഭജിച്ചാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. ആയതിനാൽ മാന്വൽ ടെണ്ടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. സ. ഉ (എം എസ്) നം. 13/2015/ ITD തീയതി. 12.05.2015 പ്രകാരം 5 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്ക് ഇ- പ്രൊക്വയർമെന്റ് രീതി ബാധകമാക്കിയിട്ടുണ്ട്. എന്നാൽ രണ്ട് പദ്ധതികൾക്കുമായി ആകെ 7,30,000രൂപയുടെ അടങ്കൽ ഉണ്ടെങ്കിലും ഇ-ടെണ്ടർ നടത്തിയിട്ടില്ല.

സ്റ്റോർ പർച്ചേസ് മാന്വൽ ഖ.9-60 – 9-62 പ്രകാരം വിജയിയായ കരാറുകാരനുമായി വിതരണത്തിന്റെ നിബന്ധനകളും നിയമ നടപടികളും ഉൾപ്പെടുന്ന ഒരു എഗ്രിമെന്റിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ കെ.പി ഫർണീച്ചറുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ വെച്ചിട്ടില്ല.

2) ബില്ലിൽ നിന്ന് ടി.ഡി.എസ് ഈടാക്കിയിട്ടില്ല. GST Act, 2017 ലെ സെക്ഷൻ 51(1) പ്രകാരം ഒരു സ്ഥാപനം ഒരു സർക്കാർ സ്ഥാപനത്തിന് സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ, വിതരണത്തിന്റെ ആകെ മൂല്യം (നികുതി ഒഴികെയുള്ള) 2.50 ലക്ഷത്തിൽ

കൂടുതലുള്ള സാധനങ്ങളുടേയോ, സേവനങ്ങളുടേയോ ബില്ലുകളിൽ നിന്നും CGST,SGST ഇനത്തിൽ 1%വീതം (ആകെ 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. 7,28,156 രൂപയുടെ സാധനങ്ങൾ വാങ്ങിയപ്പോൾ ടി.ഡി.എസ് കുറവ് ചെയ്യാതെയാണ് കെ.പി ഫർണീച്ചർ എന്ന സ്ഥാപനത്തിന് പണം നൽകിയിട്ടുള്ളത്.

അപാകത അറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/21-22/21.12.22 ന് വരും വർഷങ്ങളിൽ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വാങ്ങൽ നടപടിയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2021-22 | 12-12-22 മുതൽ 21-12-22 വരെയുള്ള ഓഡിറ്റ് വേളയിൽ പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 200000 | പ്രോ.നം-81/22 പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് | 200000 | 0 |
| | 127500 | പ്രോ.നം 82/22 സമഗ്ര നൽകൃഷി വികസനം | 127500 | 0 |
| | 189013 | 76/22 ലൈഫ് ഭവന പദ്ധതി | 189013 | 0 |
| | 810000 | 104/22 ലൈഫ് ഭവന പദ്ധതി (SC) അധീഷണൽ | 810000 | 0 |
| | 564875 | 07/22 ഭിന്നശേഷി സ്കോളർഷിപ്പ് | 564875 | 0 |
| | 150000 | 27/22 വയോജനങ്ങൾക്ക് കട്ടിൽ | 150000 | 0 |
| | 700000 | 240/22 പിലാച്ചിക്കുളം സംരക്ഷണ ഭിത്തി നിർമ്മാണം | 0 | 700000 |
| | 238506 | 172/22 കൊട്ടപ്പുറം ഡ്രൈനേജ് നിർമ്മാണം | 238506 | 0 |
| ജില്ലാ പഞ്ചായത്ത് | 127500 | പ്രോ.നം 82/22 സമഗ്ര നൽകൃഷി വികസനം | 127500 | 0 |
| | 480000 | 76/22 ലൈഫ് ഭവന പദ്ധതി | 480000 | 0 |
| | 2320000 | 104/22 ലൈഫ് ഭവന പദ്ധതി (SC) | 2320000 | 0 |

| | | | | |
|---|---|---|---|---|
| | | അഡീഷണൽ | | |
| | 741000 | 07/22<br>ഭിന്നശേഷി സ്കോളർഷിപ്പ് | 741000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ഫണ്ടിന്റെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ബില്ല്/ ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വെള്ളൂർ കുന്നത്ത്മുക്ക് ഇലക്ട്രിക് ലൈൻ ത്രിഫേസ് ലൈൻ ആക്കൽ | 2125600/03.02.22 | 140225 | 140225 | പൂർത്തീകരിച്ചു | 0 |
| | മൈലാടി കുടിവെള്ള പദ്ധതി-ലൈൻ വലിക്കൽ | 2125600/03.02.22 | 71235 | 71235 | പൂർത്തീകരിച്ചു | 0 |
| | കുഴിക്കാട്ട് അംഗൻവാടി വൈദ്യുതി കണക്ഷൻ | 211501520007, 01040457 | 60192 | 60192 | പൂർത്തീകരിച്ചു | 0 |
| | നെല്ലിക്കുന്ന് അംഗൻവാടി വൈദ്യുതി കണക്ഷൻ | 211501520007, 01040457 | 26904 | 26904 | പൂർത്തീകരിച്ചു | 0 |
| | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 1113/31.03.22 | 279267 | 0 | പൂർത്തീകരണ വിവരം ലഭ്യമായില്ല | 279267 |
| GWD മലപ്പുറം | കഴൽ കിണർ നിർമ്മാണം | 1117/31.03.22 | 73411 | 0 | പൂർത്തീകരണ വിവരം ലഭ്യമായില്ല | 73411 |

## 4-4 മൊബിലൈസേഷൻ നൽകിയതിന്റെ വിവരം

ഇല്ല.

## 4-5 വായ്പ/ തിരിച്ചടവിന്റെ വിവരം

| ക്രമ നം | വായ്പയുടെ ഉദ്ദേശം | ഉത്തരവ് നം/തിയ്യതി | വായ്പ തുക (തൻവർഷം ലഭിച്ചത്) | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം തിരിച്ചടച്ചത് | | ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവന പദ്ധതി | ലഭ്യമല്ല | 0 | 2268890 | 352000 | - | 1916890 |

## 4-6 സ്ഥിര നിക്ഷേപത്തിന്റെ വിവരം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2936594 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 212903 |
| ആകെ | 3149497 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 3149497 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം (ബാങ്ക്) | തുക | രശീതി നം തിയതി. |
|---|---|---|
| വള്ളുവമ്പ്രം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് -Ltd-No.F-1564 (Fixed Deposit) | 3149497 | R3796/22.06.22 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം |
|---|---|---|---|---|
| 2019-20 | 1-22 | 5775 | ആനിജ് കെ, വെറ്ററിനറി സർജൻ | 121010101333/ 09.08.21 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ്റിപ്പോർട്ട് വർഷം/ ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2013-14 | | 09-10, 10-11/ 3(21) | ലഘു അവലോകനം | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 2014-15 | | 2011-12/ 3(1) | നിഷ്ക്രിയാസ്തി അവലോകനം | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 2016-17 | | 2014-15/ 2(3),2(1) | വസ്തു നികുതി/ തൊഴിൽ നികുതി | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 2016-17 | | 2015-16/ 2(2) | വസ്തു നികുതി/ തൊഴിൽ നികുതി | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |

## 4-9 സർചാർജജ് നടപടികളുടെ വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | RR ലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| | | | | നമ്പറും തിയ്യതിയും | തുക | തുക | | | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 1998-99 | 57 (1)(2) | എ വി ചന്ദ്രൻ സെക്രട്ടറി | L.F2711/ Spl Cell/ SC5/04 Dtd.16.3.04 | 5941 | 5941 (70101/80 /14.6.12) | - | - | - | 5941 | 0 |
| 2 | 2004-05 | 3(3) 3(6) 3(9) | പി ബൈജു രാജൻ സെക്രട്ടറി | L.F19757/ Spl Cell/ SC5/09 Dtd 22.7.11 | 21537 | 21537 33/ 22.8.14 | DCRG യിൽ നിന്നും തുക ഈടാക്കി | - | - | 21537 | 0 |
| 3 | 2000-01 | 35(2) 36(1)(2) 37(1)(2) 38(1)(2) 40 | ഒ. സുലൈമാൻ കുട്ടി എ.എ.ഇ | L.F19757/ Spl Cell/ SC5/04 Dtd.18.9.16 | 12121 | 12121 (5490/ 5,6,7, 8,9) | - | - | - | 12121 | 0 |

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 139606494 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 95173330 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1082022 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 116800 | ശ്രീമതി.അനിത കെ.ഒ , അസി.സെക്രട്ടറി |
| 1-23-1 | 210000 | ശ്രീ. ഷാജി. ആർ. എസ്, സെക്രട്ടറി |
| 1-23-2 | 265000 | ശ്രീ. ഷാജി. ആർ. എസ്, സെക്രട്ടറി |
| 1-23-3 | 279267 | ശ്രീ. ഷാജി. ആർ. എസ്, സെക്രട്ടറി |
| 1-23-4 | 132000 | ശ്രീ. ഷാജി. ആർ. എസ്, സെക്രട്ടറി |
| 1-23-5 | 73411 | ശ്രീ. ഷാജി. ആർ. എസ്, സെക്രട്ടറി |
| 1-27 | 5544 | ഡോ.സജിനി, മെഡിക്കൽ ഓഫീസർ (പി.എച്.സി) |
| ആകെ | 1082022 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95,1995-96 | കെ.എസ്.എ.എം.പി.എം27/1603/19(3) തീയതി.11.11.21 | 2 |
| 1998-99 | കെ.എസ്.എ.എം.പി.എം27/1603/19(2) തീയതി.11.11.21 | 11 |
| 1999-00 | കെ.എസ്.എ.എം.പി.എം27/1603/19(7) തീയതി.11.11.21 | 3 |
| 2001-02 | കെ.എസ്.എ.എം.പി.എം27/1603/19(5) തീയതി.11.11.21 | 4 |
| 2002-03 | കെ.എസ്.എ.എം.പി.എം27/1603/19 തീയതി.11.11.21 | 4 |
| 2003-04 | കെ.എസ്.എ.എം.പി.എം27/1603/19(4) തീയതി.11.11.21 | 12 |
| 2004-05 | കെ.എസ്.എ.എം.പി.എം27/2114/22 തീയതി.26.4.22(1) | 2 |
| 2005-06 | കെ.എസ്.എ.എം.പി.എം27/2114/22 തീയതി.26.4.22(2) | 7 |

| | | |
|---|---|---|
| 2006-07 | കെ.എസ്.എ.എം.പി.എം27/2114/22 തീയതി.26.4.22(3) | 8 |
| 2008-09 | കെ.എസ്.എ.എം.പി.എം27/2114/22 തീയതി.26.4.22(4) | 3 |
| 2009-10,2010-11 | കെ.എസ്.എ.എം.പി.എം27/2114/22 തീയതി.26.4.22(5) | 11 |
| 2011-12 | കെ.എസ്.എ.എം.പി.എം27/2114/22 തീയതി.26.4.22(6) | 4 |
| 2012-13 | കെ എസ് എ എം പി എം27/2356/16 തീയതി.3.1.18 | 16 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം27/2150/18 തീയതി.07.09.18 | 13 |
| 2015-16 | കെ.എസ്.എ.എം.പിഎം27/3008/16 തീയതി.6.2.17 | 14 |
| 2016-17 | കെ എസ് എ എം പി എം27/2012/17 തീയതി.07.07.18 | 13 |
| 2017-18 | കെ എസ് എ എം പി എം27/1933/2018 തീയതി.30.07.19 | 9 |
| 2018-19 | കെ എസ് എ എം പി എം27/2573/2019തീയതി.5.12.2019 | 12 |
| 2019-20 | കെ എസ് എ എം പി എം27/592/2021 തീയതി.20.04.2022 | 10 |
| 2020-21 | കെ എസ് എ എം പി എം27/1074/2021 തീയതി.06.06.2022 | 9 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്